# കേരള സർവകലാശാല

നം. പി.ആർ.002/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന് യു.ജി.സി. അംഗീകാരം തിരിച്ചു കിട്ടി.

കേരള സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിന് യു.ജി.സി. അംഗീകാരം തിരികെ ലഭിച്ചു.2017-18/2018-2019 എന്നി അധ്യയന വർഷങ്ങളിലേക്കാണ് ഇപ്പോൾ അംഗീകാരം കിട്ടിയിരിക്കുന്നത്. യു.ജി.സിയിൽ നിന്നും സർവകലാശാലാക്ക് ലഭിച്ച കത്തിലാണ് ഈ വിവരങ്ങൾ ഉള്ളത്. ബിരുദ ബിരുദാനന്ദര തലത്തിൽ 25 കോഴ്സുകൾക്കാണ് നിലവിൽ അംഗീകാരം ലഭിച്ചിരിക്കുന്നത്.

2016 ജൂലൈ 21 ന് ഹൈ പവേർഡ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കമ്മറ്റി മുമ്പാകെ സർവകലാശാലസമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. വിദഗ്ധ കമ്മറ്റി സർവകലാശാല പരിശോധനക്ക് എത്തിയിരുന്നു ഇതിന്റെ അടിസ്ഥാനത്തിലാണ് സർവകലാശാലക്ക് അംഗീകാരം തിരികെ ലഭിച്ചത് യു.ജി.സി/എ.ഐ.സി.റ്റി.ഇ/എൻ.സി.റ്റി.ഇ സർവകലാശാല ചട്ടങ്ങൾക്ക് അനുസൃതമായി ഓപ്പൺ ആന്റ് ഡിസ്റ്റൻഡ് ലേണിങ്ങ് മോഡിലൂടെയാണ് സർവകലാശാല കോഴ്സുകൾ നടത്തേണ്ടത്. സർവകലാശാല നേരിട്ടായിരിക്കും കോഴ്സുകൾ നടത്തുക. ഫ്രഞ്ചെസികൾ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവക്ക് കോഴ്സുകൾ നടത്താൻ അധീകാരം ഉണ്ടായീരിക്കുന്നതല്ല. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ

### വാർത്ത തെറ്റിദ്ധാരണാജനകം

മറ്റ് സർവകലാശാലകളിൽ ശമ്പളവും/പെൻഷനും കൃത്യമായി വിതരണം ചെയ്തുവെന്നും കേരള സർവകലാശാലയിൽ മാത്രം ഇവ 03.01.2017-ൽ വിതരണം ചെയ്തിട്ടില്ല എന്ന പത്രവാർത്തകൾ വാസ്തവ വിരുദ്ധവും തെറ്റിദ്ധരിപ്പിക്കുന്നതുമാണ്.

കേരള സർവകലാശാല കൃത്യസമയത്തു തന്നെ ബില്ലുകൾ സമർപ്പിക്കുകയും ഗ്രാന്റ് തുക 31-ാം തീയതിയ്ക്കകം തന്നെ സർവകലാശാലയുടെ ട്രഷറി ആക്കൗണ്ടിൽ ക്രെഡിറ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ 03.01.2017-ൽ പ്രസ്തുത തുക ട്രഷറിയിലെ കോർ ബാങ്കിംഗിലെ ചില സങ്കേതിക തകരാറുകൾ കാരണം സ്റ്റേറ്റ് ബാങ്കിന്റെ ട്രഷറി ബ്രാഞ്ചിലേക്കും തുടർന്ന് സർവകലാശാലയുടെ പാളയത്തുള്ള എസ്.ബി.റ്റി. ബാങ്ക് അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യുന്നതിന് കഴിഞ്ഞില്ല. കാലിക്കറ്റ് സർവകലാശാലയ്ക്കും ഇത് സംഭവിച്ചിട്ടുണ്ട്. അവിടെയും 03.01.2017-ൽ ശമ്പളം/പെൻഷൻ വിതരണം നടന്നിട്ടില്ല.

എന്നാൽ, സർവകലാശാല ഫണ്ടിൽ ലഭ്യമായിരുന്ന തുക ഉപയോഗിച്ച് റിട്ടയർ ചെയ്ത ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക 03.01.2017 വൈകുന്നേരം തന്നെ ട്രാൻസ്ഫർ ചെയ്തിരുന്നു. ഇന്നലെ (04.01.2017) രാവിലെ ഫണ്ട് ട്രാൻസ്ഫർ ചെയ്തു കിട്ടുകയും ശമ്പളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മറിച്ചുള്ള വാർത്തകൾ സത്യവിരുദ്ധമാണ്

## മാർജിനൽ ഇൻക്രീസ് അപേക്ഷ സമർപ്പിക്കണം

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെയും ബിരുദ/ബിരുദാനന്തര കോഴ്സുകളിലേക്ക് 2017-2018 അധ്യയന വർഷത്തേക്കുള്ള മാർജിനൽ ഇൻക്രീസിനുള്ള അപേക്ഷകൾ ജനുവരി 17 നകം സമർപ്പിക്കണം. അപേക്ഷകൾ (jrugonline@gmail.com) എന്ന ഇ-മെയിൽ വഴി ജനുവരി 17-നകവും അപേക്ഷയുടെ ഹാർഡ് കോപ്പി രജിസ്ട്രാർ, കേരള സർവകലാശാല,പാളയം,തിരുവനന്തപുരം-695034 എന്ന വിലാസത്തിൽ ജനുവരി 20-നകവും നൽകണം. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ജനുവരിയിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - 2008 സ്കീം -ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 11 (50 രൂപ പിഴയോടെ ജനുവരി 13, 250 രൂപ പിഴയോടെ ജനുവരി 16) വരെ അപേക്ഷിക്കാം . വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.എച്ച്.ഡി. രജിസ്ട്രേഷൻ അപേക്ഷ ക്ഷണിച്ചു.

കേരള സർവകലാശാല 2017 ജനുവരി സെഷനിലേക്കുള്ള പി.എച്ച്.ഡി. രജിസ്ട്രേഷന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.അപേക്ഷിക്കാനുള്ള അവസാന തിയതി ജനുവരി 15. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്.സി സബ്സിഡിയറി പരീക്ഷാഫലം

കേരള സർവകലാശാല 2016 ജൂൺ/ജൂലൈയിൽ നടത്തിയ ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് ഒന്ന്/രണ്ട്/മൂന്ന് സബ്സിഡിയറി വിഷയങ്ങളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭിക്കും.പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമ പരിശോധനയ്ക്കും ഫെബ്രുവരി 4 വരെ അപേക്ഷിക്കാം.

## എം.ബി.എ ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂര പഠന വിഭാഗത്തിന്റെ നാലാം സെമസ്റ്റർ എം.ബി.എ ഇന്റേണൽ മാർക്ക് പ്രസിദ്ധികരിച്ചു. പരാതിയുള്ളവർ കോർഡിനേറ്ററെ അറിയിക്കണം.ഫോൺ (0471-2386132/2300137)

## കെ മാറ്റ് കേരള അപേക്ഷ സ്വീകരിച്ചു തുടങ്ങി

കേരളത്തിലെ എല്ലാ സർവ്വകാലശാലകളിലേക്കും,സർവകാലശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും എം.ബി.എ 2017-18 പ്രവേശനത്തിനായുള്ള രണ്ടാമത്തെ കെ മാറ്റ് കേരള പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങി.അപേക്ഷാർത്ഥികൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് 0471-2335133/8547255133 എന്നി നമ്പരുകളിൽ ബന്ധപ്പെടുക.

## എം.എ. പോളിറ്റിക്കൽ സയൽസിന്റെ ഫലം

കേരള സർവകലാശാല വിദൂര പഠന വിഭാഗം 2016 ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ എം.എ. പോളിറ്റിക്കൽ സയൽസിന്റെ ഫലം പ്രസിദ്ധീക്കരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
04.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098